**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പത്തനംതിട്ട ജില്ല – അവിട്ടം ജലോത്സവം - അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2742/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 26/09/2016

---

പരാമർശം:- 1. ശ്രീ. രാജു എബ്രഹാം എം.എൽ.എയുടെ കത്ത്.

2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16.02.2006.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ റാന്നി അവിട്ടം ജലോത്സവം നടത്തിപ്പിലേക്ക് അങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും 15,000/- രൂപ ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതിയാണ് പരാമർശം (1) ലെ കത്തുപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ റാന്നി അവിട്ടം ജലോത്സവത്തിനായി അങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപ കമ്മിറ്റി തീരുമാനത്തിനും പരാമർശം രണ്ടിലെ ഉത്തരവിനും വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അങ്ങാടി ഗ്രാമപഞ്ചായത്തിന് പത്തനംതിട്ട അവിട്ടം ജലോത്സവ സമിതി ചെയർമാൻ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി, അങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

***ഉത്തരവിൻ പ്രകാരം,***

***സെക്ഷൻ ഓഫീസർ.***